# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3248 10/12/2018 - ൽ മറുപടിക്ക്

## പ്രിൻസിപ്പൽ നിയമനത്തിന്റെ മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ. കെ.എസ്. ശബരീനാഥൻ

(എ) സംസ്ഥാനത്തെ മൈനോരിറ്റി സ്റ്റാറ്റസ് ഇല്ലാത്ത എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;വിശദാംശം നൽകാമോ;

( ബി) പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി അധ്യാപക നിയമന തീയതിയും അദ്ധ്യാപക പരിചയ കാലാവധിയും സീനിയോരിറ്റിയ്ക്ക് ഉള്ള കാല യളവായി പരിഗണിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

**മറുപടി**

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) എയ്ഡഡ് ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ താഴെ പറയും പ്രകാരമാണ് :-

1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ HSST -മാരിൽ നിന്നും പ്രൊമോഷൻ വഴി.

2) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ വഴി.

2:1 എന്ന അനുപാതത്തിലാണ് മേൽ നിയമനം നടത്തേണ്ടത്. ഇത്തരത്തിലുള്ള നിയമനത്തിന് ഏതെങ്കിലും വിഭാഗത്തിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യ മല്ലെങ്കിൽ അത്തരം ഒഴിവുകൾ അടുത്ത മാർഗ്ഗത്തിലൂടെ നികത്താം.

പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ ചുവടെ ചേർക്കുന്നു.

50%ത്തിൽ കുറയാത്ത മാർക്കോടെയുള്ള അംഗീകൃത ബിരുദാനന്തര ബിരുദവും B.Ed ഉം ഹയർ സെക്കണ്ടറി മേഖലയിൽ അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ

കുറഞ്ഞത് 12 വർഷത്തെ അംഗീകരിക്കപ്പെട്ട അദ്ധ്യാപന പരിചയവും.

ഹയർ സെക്കണ്ടറി അദ്ധ്യാപകരിൽ നിന്നും പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് 12 വർഷത്തെ സ്കൂൾ അദ്ധ്യാപന പരിചയം ഇല്ലാത്ത പക്ഷം അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലെ ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക പരിചയം പരിഗണിക്കാം. എന്നാൽ ഈ അദ്ധ്യാപക പരിചയം യോഗ്യതയുള്ളതാതെ സീനിയോരിറ്റി കണക്കാക്കുന്നതിന് ബാധകമല്ല. അപ്രകാരമുള്ള ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 6 വർഷത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപന പരിചയം ഉണ്ടാകണം.

സെക്ഷൻ ഓഫീസർ